# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 നവംബർ 25

# വാർത്താക്കുറിപ്പ്

## എം.ജി.; ഇന്നത്തെ പരീക്ഷകൾ മാറ്റി

മഹാത്മാഗാന്ധി സർവകലാശാല ഇന്ന് (നവംബർ 26) നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചതായി പരീക്ഷ കൺട്രോളർ അറിയിച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/1225/2020)

## പരീക്ഷ തീയതി

രണ്ടാം സെമസ്റ്റർ ബി.പി.എഡ്. (2019 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ റീഅപ്പിയറൻസ്) പരീക്ഷകൾ ഡിസംബർ 17 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 30 വരെയും 525 രൂപ പിഴയോടെ ഡിസംബർ ഒന്നുവരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ രണ്ടുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1226/2020)

## ഇൻഫർമേഷൻ ബുക്കിലേക്ക് വിവരങ്ങൾ നൽകണം

മഹാത്മാഗാന്ധി സർവകലാശാലയുടെ ഇൻഫർമേഷൻ ബുക്ക് 2021 ലേക്ക് വിവരങ്ങൾ നൽകാത്ത അഫിലിയേറ്റഡ് കോളജുകൾ നവംബർ 27 ന് ഉച്ചയ്ക്ക് രണ്ടിനകം mguib2021@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയച്ചുനൽകണം. മാതൃക സർവകലാശാല വെബ്സൈറ്റിലെ അനൗൺസ്മെന്റ് ലിങ്കിൽ.

(പി.ആർ.ഒ/39/1227/2020)

## സ്റ്റാൻഫോഡ് മികച്ച ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ ഇടംനേടിയവരെ എം.ജി. ആദരിക്കുന്നു

അമേരിക്കയിലെ സ്റ്റാൻഫോഡ് സർവകലാശാല തയാറാക്കിയ 'ഇന്ത്യയിൽനിന്നുള്ള മികച്ച രണ്ട് ശതമാനം ശാസ്ത്രജ്ഞരുടെ റാങ്കിങ്ങിൽ' കേരളത്തിൽനിന്ന് ഇടംനേടിയവരെ മഹാത്മാഗാന്ധി സർവകലാശാല ആദരിക്കുന്നു. ഓൺലൈനായി സംഘടിപ്പിക്കുന്ന പരിപാടി 'മീറ്റ് ദി അച്ചീവർ' നാളെ(നവംബർ 27) വൈകിട്ട് അഞ്ചിന് നടക്കും. ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിക്കും. കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. ഗംഗൻ പ്രതാപ് മുഖ്യപ്രഭാഷണം നടത്തും. പ്രോവൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ പങ്കെടുക്കും. പട്ടികയിൽ ഇടം നേടിയ ശാസ്ത്രജ്ഞർ അനുഭവങ്ങൾ പങ്കുവയ്ക്കും. കേരളത്തിൽനിന്ന് 37 പേരാണ് റാങ്കിങ്ങിൽ ഇടംനേടിയത്.

സംസ്ഥാന സർവകലാശാലകളിൽനിന്ന് ആറുപേരാണ് റാങ്കിങ്ങിലെത്തിയത്. പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി സർവകലാശാല), അശോക് പാണ്ഡേ(ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടോക്

സിക്കോളജി റിസർച്ച്), ഗംഗൻ പ്രതാപ് (എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാല), ഗിരിജ കുട്ടൻ, രാമദാസൻ കുട്ടൻ (അമല കാൻസർ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്റർ), ആർ. ജയകുമാർ, ശാന്തികുമാർ നായർ (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഇന്ത്യ), മനീഷ വിനോദിനി രമേശ്(അമൃത സർവകലാശാല), എസ്. എൻ. മൂർത്തി(ഐ.സി.എ.ആർ സെൻട്രൽ ട്യൂബർ കോർപ്സ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്), കെ.എൻ. നൈനാൻ, സി.പി. രഘുനാഥൻ നായർ (ഐ.എസ്.ആർ.ഒ.), കെ.ടി. അഗസ്റ്റി(കണ്ണൂർ സർവകലാശാല), ബി. മോഹൻ കുമാർ(കേരള കാർഷിക സർവകലാശാല), വഴിയിൽ വേണുഗോപാൽ (കുഫോസ്), ഡെയ്സി ഫിലിപ് (മാർ ഇവാനിയോസ് കോളജ്, തിരുവനന്തപുരം), എം.എൽ.പി. റെഡ്ഡി, എ. അജയഘോഷ്, വിജയ് നായർ, ചെറുമുറ്റത്ത് എച്ച്. സുരേഷ്, സി.കെ.എസ്. പിള്ള, റ്റി. എമില അബ്രഹാം, രാജീവ് കെ. സുകുമാരൻ, ബി.സി. പൈ, സതി ചന്ദ്രശേഖർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി), എസ്. അശോക്, എസ്. ജയരാജ്(എൻ.ഐ.റ്റി. കോഴിക്കോട്), ജി.ബി. നായർ, രാകേഷ് കുമാർ(രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി), കെ. ശ്രീനിവാസൻ, കെ.ആർ. തങ്കപ്പൻ, കുറുപ്പത്ത് രാധാകൃഷ്ണൻ, ചന്ദ്ര പി. ശർമ (ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി), കോട്ടാക്കൽ പൗലോസ് മാർട്ടിൻ, എം.ടി. രമേശൻ (കാലിക്കട്ട് സർവകലാശാല), റ്റി.എസ്. അനിരുദ്ധൻ (കേരള സർവകലാശാല) എന്നിവരാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് റാങ്കിങ്ങിൽ ഇടംപിടിച്ചത്. മദ്രാസ് ഐ.ഐ.ടി.യിലെ മലയാളിയായ എ. ജയകൃഷ്ണനും റാങ്കിംഗിൽ ഇടംനേടിയിരുന്നു.

ലോകത്തെ ഒരു ലക്ഷം മികച്ച ശാസ്ത്രജ്ഞരിൽനിന്നാണ് രണ്ടു ശതമാനംപേരുടെ പട്ടിക സ്റ്റാൻഫോഡ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ തയാറാക്കിയത്. എച്ച് -ഇൻഡക്സ്, ഗ്രന്ഥകർതൃത്വം, ലേഖനങ്ങൾ അവലംബമാക്കുന്നവരുടെ കണക്ക്(സൈറ്റേഷൻസ്) എന്നിവ മാനദണ്ഡമാക്കിയാണ് 22 ശാസ്ത്രമേഖകളിലെയും 176 ഉപമേഖലകളിലെയും ലോക റാങ്കിങ് തയാറാക്കിയത്. https://mgu.webex.com/mgu/j.php?MTID=m89ef2d4f1d964ec22942d630b7fa37cb എന്ന ലിങ്കിലൂടെ പരിപാടിയിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/1228/2020)

## പിഎച്ച്.ഡി. പ്രവേശന പരീക്ഷ നവംബർ 27, 28, 29 തീയതികളിൽ

മഹാത്മാഗാന്ധി സർവകലാശാലയിൽ പിഎച്ച്.ഡി. പ്രവേശനത്തിനുള്ള പരീക്ഷ നവംബർ 27, 28, 29 തീയതികളിൽ നടക്കും. കോട്ടയം സി.എം.എസ്. കോളേജാണ് പരീക്ഷകേന്ദ്രം. ഹാൾടിക്കറ്റ് നവംബർ 29ന് രാവിലെ ഒൻപതുവരെ ഡൗൺലോഡ് ചെയ്യാം. അറബിക്, മാത്തമാറ്റിക്സ്, ഫിലോസഫി, ഫിസിക്കൽ എജ്യൂക്കേഷൻ, ഫിസിക്സ്, സൈക്കോളജി, സംസ്കൃതം, സോഷ്യൽ വർക്ക്, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ്, ടൂറിസം സ്റ്റഡീസ്, സുവോളജി എന്നീ വിഷയങ്ങളിലെ പ്രവേശന പരീക്ഷ നവംബർ 27ന് രാവിലെ 10 മുതൽ ഒന്നുവരെ നടക്കും. ഇംഗ്ലീഷ്, എൻവയൺമെന്റൽ സയൻസ്, ഗാന്ധിയൻ സ്റ്റഡീസ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ്, ഹിന്ദി, ഹിസ്റ്ററി, ഇസ്ലാമിക് ഹിസ്റ്ററി, ലോ, മലയാളം, മാനേജ്മെന്റ് സ്റ്റഡീസ്, പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്/പൊളിറ്റിക്കൽ സയൻസ് എന്നീ വിഷയങ്ങളിലെ പ്രവേശന പരീക്ഷ നവംബർ 28ന് രാവിലെ 10 മുതൽ ഒന്നുവരെ നടക്കും. ബയോസയൻസ്, ബോട്ടണി, കെമിസ്ട്രി, കൊമേഴ്സ്, ഇക്കണോമിക്സ്, എജ്യൂക്കേഷൻ എന്നീ വിഷയങ്ങളിലെ പ്രവേശന പരീക്ഷ നവംബർ 29ന് രാവിലെ 10 മുതൽ ഒന്നു വരെ നടക്കും. പരീക്ഷയെഴുതുന്നവർ കോവിഡ് 19 മാനദണ്ഡങ്ങൾ കർശനമായി പാലിക്കണം. വിശദവിവരം phd.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. ഫോൺ: 0481-2732947.

(പി.ആർ.ഒ/39/1229/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്‌സി. ബയോടെക്നോളജി, ബയോകെമിസ്ട്രി, ബയോഫിസിക്സ് പ്രോഗ്രാമുകളിൽ എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. യോഗ്യരായവർ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുമായി നവംബർ 30ന് രാവിലെ 11ന് പഠനവകുപ്പിലെത്തണം.

(പി.ആർ.ഒ/39/1230/2020)

## സ്പോട് അഡ്മിഷൻ ഇന്റർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, എം.എ. (പൊളിറ്റിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ്), എം.എ. പൊളിറ്റിക്സ് (പബ്ലിക് പോളിസി ആന്റ് ഗവേണൻസ്) ബിരുദാനന്തര ബിരുദ കോഴ്സുകളിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള ഓരോ സീറ്റിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ നവംബർ 30ന് രാവിലെ 11ന് പഠനവകുപ്പ് ഓഫീസിൽ നടക്കും. താല്പര്യമുള്ളവർ അസൽ യോഗ്യത സർട്ടിഫിക്കറ്റുകളുമായി എത്തണം.

(പി.ആർ.ഒ/39/1231/2020)

## പരീക്ഷഫലം

2019 ഓഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം - 2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ ഒൻപതുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1232/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ